# കേരള സർവകലാശാല

നം.പി.ആർ.32/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പുതുക്കിയ പരീക്ഷാതീയതി

2019 ഫെബ്രുവരി 22 ന് ആരംഭിക്കാനിരുന്ന മൂന്നാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം/എം.എസ്.ഡബ്ല്യൂ റെഗുലർ/സപ്ലിമെന്ററി പരീക്ഷകൾ 2019 മാർച്ച് 1 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

2018 മേയിൽ നടത്തിയ ബി.ടെക് ഏഴാം സെമസ്റ്റർ (2008 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീവാല്യുവേഷൻ സെക്ഷനിൽ 2019 ഫെബ്രുവരി 15 മുതൽ 22 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

2018 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.സി.എ/ബി.വോക് (ബി.എസ്.സി ബോട്ടണി ആന്റ് ബയോടെക്നോളജി ഒഴികെ) കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡ്/ ഹാൾടിക്കറ്റുമായി ഇ.ജെ III സെക്ഷനിൽ 2019 ഫെബ്രുവരി 14 മുതൽ 22 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## ടൈംടേബിൾ

2019 ഫെബ്രുവരി – മാർച്ചിൽ നടക്കുന്ന റെഗുലർ ബി.ടെക് മൂന്നാം സെമസ്റ്റർ 2008 സ്കീം കോഴ്സ് കോഡിൽ വരുന്ന ഒന്നും മൂന്നും സെമസ്റ്റർ ബി.ടെക് പാർട്ട് – ടൈം റീസ്ട്രക്ച്ചേർഡ് 2008 സ്കീം പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

ഫെബ്രുവരി 25 ന് ആരംഭിക്കുന്ന ബി.എസ്.സി ആന്വൽ സ്കീം (ഒക്ടോബർ 2018 സെഷൻ) പാർട്ട് I, II & III (സബ്സിഡിയറി വിഷയങ്ങളായ സ്റ്റാറ്റിസ്റ്റിക്സ്, അക്കൗണ്ടിംഗ്) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം 2019 ജനുവരിയിൽ നടത്തിയ എം.എൽ.ഐ.എസ്.സി സപ്ലിമെന്ററി (എസ്.ഡി.ഇ) പരീക്ഷാഫലം വെബ്സൈറ്റിൽ.

## ഇന്റർവ്യൂ

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സിന്റെ പ്രവേശനത്തിനുള്ള ഇന്റർവ്യൂ ഫെബ്രുവരി 25 ന് നടത്തുന്നതാണ്. അപേക്ഷ നൽകാത്തവർക്കും അസ്സൽ സർട്ടിഫിക്കറ്റും ഫീസും സഹിതം പങ്കെടുക്കാം. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി, ഫീസ്: 15,000 രൂപ, അപേക്ഷാ ഫീസ്: 100 രൂപ, കാലാവധി: 6 മാസം, ക്ലാസുകൾ: രാവിലെ 7 മുതൽ 9 മണി വരെ. ഇന്റർവ്യൂവിന് പി.എം.ജി ജംഗ്ഷനിലെ സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലുള്ള സി.എ.സി.ഇ.ഇ കേന്ദ്രത്തിൽ രാവിലെ 10.30 ന്. ഫോൺ: 0471 2302523.

സർവകലാശാലയുടെ ബോട്ടണി വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ഗ്രാജുവേറ്റ് ഫീൽഡ് അസിസ്റ്റന്റിനെ നിയമിക്കുന്നതിനായി 2019 ഫെബ്രുവരി 18, 19 തീയതികളിൽ നടത്താനിരുന്ന ഇന്റർവ്യൂ യഥാക്രമം ഫെബ്രുവരി 25, 26 തീയതികളിൽ രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. ഫോൺ: 0471 2386426

തിരുവനന്തപുരം.
13.02.2019

പബ്ലിക് റിലേഷൻസ് ഓഫീസർ